# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. **5076** — **01/07/2013**-ൽ മറുപടിക്ക്

<u>കാഴ്ചബംഗ്ളാവുകളുടെ വരുമാനം</u>

<u>ചോദ്യം</u>

ശ്രീമതി. കെ.കെ. ലതിക

<u>ഉത്തരം</u>

കുമാരി. പി.കെ. ജയലക്ഷ്മി
(ബഹു.പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും
കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് എത്ര കാഴ്ചബംഗ്ളാവുകൾ ഉണ്ടെന്നും അവ ഏതൊക്കെയെന്നും വ്യക്തമാക്കുമോ ; | (എ) | മ്യൂസിയം മൃഗശാലാ വകുപ്പിന്റെ കീഴിൽ തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട് എന്നിവിടങ്ങളിൽ കാഴ്ചബംഗ്ളാവുകൾ ഉണ്ട്.<br><u>തിരുവനന്തപുരം</u><br>1 . ആർട്ട് ഗാലറി<br>2 . ആർട്ട് മ്യൂസിയം<br>3 . നാച്വറൽ ഹിസ്റ്ററി മ്യൂസിയം<br>4 . ശ്രീ ചിത്രാ എൻക്ളേവ്<br>5 . കെ . സി . എസ് . പണിക്കർ ഗാലറി<br><u>തൃശ്ശൂർ</u><br>1 . ആർട്ട് മ്യൂസിയം<br>2 . മൾട്ടി പർപ്പസ് മ്യൂസിയം<br><u>കോഴിക്കോട്</u><br>ആർട്ട് ഗാലറി ആന്റ് കൃഷ്ണ മേനോൻ മ്യൂസിയം |
| (ബി) | ഓരോ കാഴ്ച ബംഗ്ളാവുകളിലും വിനോദ സഞ്ചാരികൾക്ക് എന്തെല്ലാം സൗകര്യങ്ങൾ ലഭ്യമാണ്; വെളിപ്പെടുത്തുമോ ; | (ബി) | ഓരോ കാഴ്ച ബംഗ്ളാവുകളിലും വിനോദ സഞ്ചാരികൾക്ക് ഗൈഡ് ലക്ചററുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്.ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്കായി വീൽചെയറുകൾ ഏർപ്പെടുത്തുകയും, റാമ്പ് സ്ഥാപിക്കുകയുംചെയ്തു.കുടിവെള്ളംലഭ്യമാക്കി യിട്ടുണ്ട്. ഓട്ടോമാറ്റിക് ടിക്കറ്റ്മെഷീൻ സ്ഥാപിക്കുന്നതിനുള്ള നടപടിസ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (സി) | ഓരോ കാഴ്ച ബംഗ്ളാവുകളിൽ നിന്നും 2013 -14 വർഷത്തിൽ ഇതുവരെയായി എന്ത് വരുമാനം ലഭിച്ചിട്ടുണ്ട് ; ഇനം തിരിച്ച് വ്യക്തമാക്കാമോ ? | (സി ) | ഓരോ കാഴ്ച ബംഗ്ളാവിലും 1.4.2013 മുതൽ 26.6.2013 വരെ ലഭിച്ച വരുമാനം ചുവടെ ചേർക്കുന്നു.<br>1.ആർട്ട് ഗാലറി കെ.സി.എസ്. പണിക്കർ ഗ്യാലറി - 129485 രൂപ<br>2.ആർട്ട് മ്യൂസിയം ശ്രീ ചിത്രാ എൻക്ളേവ് - 442246 രൂപ<br>3. നാച്വറൽ ഹിസ്റ്ററി മ്യൂസിയം നവീകരണത്തിന്റെ ഭാഗമായി നവംബർ മുതൽ അടച്ചിട്ടിരിക്കുന്നതിനാൽ വരുമാനം ലഭിച്ചിട്ടില്ല.<br>4.തൃശ്ശൂർ മ്യൂസിയം മൃഗശാല എന്നിവയുമായി ഒറ്റ ടിക്കറ്റാണ്.കാഴ്ച ബംഗ്ളാവിന് പ്രത്യേകം ടിക്കറ്റ് ഏർപ്പെടുത്തിയിട്ടില്ല.-1626511 രൂപ.<br>5.ആർട്ട് ഗ്യാലറി ആന്റ് കൃഷ്ണമേനോൻ മ്യൂസിയം -13256 രൂപ |

സെക്ഷൻ ഓഫീസർ